**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3498** **15-02-2024 - ൽ മറുപടിയ്ക്ക്**

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള പുറമ്പോക്ക് ഭൂമി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ പി എസ് സുപാൽ** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള കുളം, റോഡ്, ആറ് ഉൾപ്പെടെയുള്ള വിവിധ പുറമ്പോക്ക് ഭൂമിയിൽ താമസിക്കുന്നവർക്ക്, ചട്ടത്തിൽ ഇളവ് നൽകി പട്ടയം നൽകുന്നതുമായി ബന്ധപ്പെട്ട് റവന്യൂ വകുപ്പ് എന്തെങ്കിലും മാർഗ്ഗനിർദേശങ്ങൾ പുറത്തിറക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (എ) | **തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള കുളം, റോഡ്, ആറ് ഉൾപ്പെടെയുള്ള വിവിധ പുറമ്പോക്ക് ഭൂമി പതിച്ച് നൽകുന്നതിന് റവന്യൂ വകുപ്പിൽ പുനർനിക്ഷിപ്തമാക്കേണ്ടതുണ്ട്. തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ കൈവശമുള്ള ഭൂമി റവന്യൂ വകുപ്പിൽ പുനർനിക്ഷിപ്തമാക്കുന്നത് സംബന്ധിച്ച്, റവന്യൂ വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിലും ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ സാന്നിധ്യത്തിലും 16.08.2023 ൽ ഒരു യോഗം ചേരുകയുണ്ടായി. പ്രസ്തുത യോഗത്തിൽ ഈ വിഷയത്തിൽ സ്വീകരിക്കേണ്ട നടപടി ക്രമങ്ങൾ വിശദീകരിയ്ക്കുന്നുണ്ട്. പ്രസ്തുത യോഗത്തിന്റെ നടപടിക്കുറിപ്പ് അനുബന്ധമായി ചേർക്കുന്നു.** |
| (ബി) | പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങളുമായി ബന്ധപ്പെട്ട് ജില്ലാതലത്തിൽ സമിതി രൂപീകരിക്കേണ്ടതുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ ലഭ്യമാക്കാമോ; കൊല്ലം ജില്ലയിൽ പ്രസ്തുത കമ്മിറ്റി രൂപീകരിക്കുകയും മേൽ വിഷയത്തിൽ അപേക്ഷകൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ? | (ബി) | പട്ടയം നൽകേണ്ടതിന്റെ എണ്ണത്തിന്റെ കാര്യത്തിൽ തദ്ദേശ സ്വയം ഭരണ വകുപ്പും റവന്യൂ വകുപ്പും തമ്മിൽ അഭിപ്രായ വ്യത്യാസം വന്നാൽ ജില്ലാ കേന്ദ്രത്തിൽ ജില്ലാ കളക്ടറും പഞ്ചായത്തിലെ ജോയിന്റ് ഡയറക്ടറും ഉൾപ്പെടുന്ന ഒരു കോർ കമ്മിറ്റി രൂപീകരിച്ച് മാസത്തിൽ ഒരു തവണ യോഗം ചേർന്ന് വിവരങ്ങൾ വിശകലനം ചെയ്യണമെന്നും പ്രസ്തുത യോഗത്തിൽ നിർദ്ദേശിയ്ക്കുകയുണ്ടായി. ഈ കമ്മിറ്റികൾ രൂപീകരിക്കാനുള്ള നടപടികൾ നടപ്പിലാക്കി വരികയാണ്. |

സെക്ഷൻ ഓഫീസർ

<u>16.08.2023 തീയതിയിൽ റവന്യൂ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിലും തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ സാന്നിദ്ധ്യത്തിലും ചേർന്ന യോഗത്തിന്റെ നടപടികുറിപ്പ്.</u>

തദ്ദേശസ്വയംഭരണ വകുപ്പിന്റെ കൈയിലുള്ള ഭൂമി റവന്യൂ വകുപ്പിൽ പുനർനിക്ഷിപ്തമാക്കുന്നത് സംബന്ധിച്ച വിഷയം ചർച്ച ചെയ്യുന്നതിനായി കൂടിയ യോഗം ഉച്ചയ്ക്ക് 12.15 ന് ആരംഭിച്ചു. യോഗത്തിൽ പങ്കെടുത്തവരുടെ പേരുവിവരം അനുബന്ധമായി ചേർക്കുന്നു.

തദ്ദേശസ്വയഭരണ സ്ഥാപനങ്ങളിൽ നിന്നും ഭൂമി പുനർനിക്ഷിപ്തമാക്കി പട്ടയം നൽകുന്ന പ്രക്രിയ ലഘൂകരിക്കേണ്ടതുണ്ടെന്നും, 02.02.2023 ൽ ഇതുമായി ബന്ധപ്പെട്ട് നിയമസഭാ സമ്മേളന ഹാളിൽ റവന്യൂ വകുപ്പ മന്ത്രിയും തദ്ദേശസ്വയംഭരണ വകുപ്പമന്ത്രിയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ഒരു യോഗം ചേരുകയും ചില തീരുമാനങ്ങളെടുക്കുകയും ചെയ്തെങ്കിലും അവ വിചാരിക്കുന്ന അളവിലേക്ക് പൂർത്തീകരിക്കാൻ കഴിയാത്തതുകൊണ്ട് ഒരു ടാർജെറ്റ് എടുത്തുകൊണ്ട് അതിലേക്കെത്തുന്നതിന് തീരുമാനിക്കുന്നതിനാണ് ഈ യോഗം ചേർന്നതെന്ന് ബഹു.റവന്യൂ വകുപ്പ് മന്ത്രി ആമുഖമായി പറഞ്ഞു.

പഞ്ചായത്തുകളുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും അനുവാദത്തോടുകൂടി ഡീവെസ്റ്റ് ചെയ്ത് ഭൂമി റവന്യൂ വകുപ്പിൽ ലഭ്യമായാൽ മാത്രമേ അവിടെ താമസിക്കുന്ന ആൾക്കാർക്ക് പട്ടയം നൽകാൻ സാധിക്കുകയുള്ളുവെന്നും, പഞ്ചായത്ത് വിലകൊടുത്ത് വാങ്ങിയ ഭൂമി ആണെങ്കിൽ പട്ടയം നൽകുന്നതിന് പഞ്ചായത്തിന്റെ NOC മതിയാകുമെന്നും, ജൻമി ഉള്ള ഭൂമിയാണെങ്കിൽ ലാൻഡ് ട്രിബ്യൂണലിലൂടെ കോടതി വഴി പട്ടയം കൊടുക്കാൻ കഴിയുമെന്നും, അല്ലാതെയുള്ള കേസുകളിൽ പോക്കുവരവ് നിയമത്തിന്റെ സെക്ഷൻ 28 പ്രകാരം പട്ടയം നൽകാൻ സാധിക്കുമെന്നും ബഹു. മന്ത്രി പറഞ്ഞു. പട്ടയം നൽകുന്നതിന് ഏറ്റവും കൂടുതൽ ബുദ്ധിമുട്ട് വരുന്നത് പഞ്ചായത്ത് ഭൂമി ഡീവെസ്റ്റ് ചെയ്ത് പട്ടയം നൽകുന്നത് സംബന്ധിച്ചാണെന്നും, ഇതിന് പഞ്ചായത്തിന്റെ എത്ര ഭൂമി ഡീവെസ്റ്റ് ചെയ്ത് റവന്യൂ വകുപ്പിൽ ലഭ്യമാക്കാൻ അപേക്ഷ ലഭിച്ചിട്ടുണ്ട് എന്നതിനെ സംബന്ധിച്ച് ഒരു വിവരശേഖരണം നടത്തേണ്ടതുണ്ടെന്നും ബഹു. മന്ത്രി യോഗത്തെ അറിയിച്ചു. പ്രസ്തുത ഭൂമികളുടെ status സംബന്ധിച്ച് പരിശോധന നടത്തുന്നതിന് താഴെത്തട്ടിലുള്ള വിവരശേഖരമാണ് പ്രധാനമായും നടത്തേണ്ടതെന്നും, പഞ്ചായത്ത് തലത്തിൽ വിവരശേഖരണം ലഭ്യമായാൽ ചട്ടഭേദഗതിയിലൂടെ മാത്രം പട്ടയം കൊടുക്കാൻ പറ്റുന്ന കേസുകൾക്ക് ഒരു കാലാവധി തീരുമാനിച്ച് വിവരശേഖരണം

നടത്തുന്ന പ്രാഥമിക തലത്തിൽ തന്നെ കാലതാമസം കൂടാതെ പരിശോധിക്കേണ്ടതുമാണ്. നിയമ ഭേദഗതി വരുത്താതെ റവന്യൂ രേഖകളിൽ ഇനംമാറ്റി തീർക്കാവുന്ന പ്രശ്നങ്ങൾ വേഗത്തിൽ തീർക്കേണ്ടതാണ്. ഇതിൽപ്പെടാത്ത വിഷയങ്ങളാണ് മേച്ചിൽപ്പുറം, കളിസ്ഥലം, ശ്മശാനം തുടങ്ങിയവ. ഇവയ്ക്ക് ഇനം മാറ്റി പട്ടയം കൊടുക്കാവുന്നത് digital survey കഴിയുന്ന മുറയ്ക്ക് ചെയ്യേണ്ടതാണ്. നിയമപരമായി തടസ്സങ്ങളില്ലാത്ത സ്ഥലങ്ങളിൽ പട്ടയം നൽകുന്നത് വേഗത്തിലാക്കാൻ കഴിയണമെന്നും നിയമഭേദഗതി വേണ്ടത് ഒരു പരിധിവരെ വേഗത്തിലാക്കാൻ കഴിയാത്തതിനാൽ അവയ്ക്ക് ഒരു action plan ഉണ്ടാക്കേണ്ടതാണെന്നും പറഞ്ഞു. ഏറ്റവും താഴെ തട്ടിൽ പഞ്ചായത്ത് സെക്രട്ടറി/ കോർപ്പറേഷനിൽ/മുനിസിപ്പാലിറ്റിയിൽ സെക്രട്ടറിമാരും വില്ലേജ് ഓഫീസർമാരും ഉൾക്കൊള്ളുന്ന ഒരു പ്രാഥമിക കമ്മിറ്റി രൂപീകരിച്ച് ലഭ്യമായ രേഖകൾ പരിശോധിച്ച് അവരുടെ അഭിപ്രായം കൂടി ഉൾപ്പെടുത്തി മുകൾത്തട്ടിലേക്ക് കൈമാറുകയും ഓരോ ജില്ലയിലുള്ള പട്ടയം നൽകേണ്ടതിന്റെ എണ്ണത്തിന്റെ കാര്യത്തിൽ തദ്ദേശസ്വയഭരണ വകുപ്പും റവന്യൂ വകുപ്പും അഭിപ്രായവ്യത്യാസം വന്നാൽ ജില്ലാ കേന്ദ്രത്തിൽ ജില്ലാ കളക്ടറും പഞ്ചായത്തിലെ ജോയിന്റ് ഡയറക്ടറും ഉൾപ്പെടുന്ന ഒരു കോർ കമ്മിറ്റി രൂപീകരിച്ച് മാസത്തിൽ ഒരു തവണ യോഗം ചേർന്ന് പ്രസ്തുത വിവരങ്ങൾ വിശകലനം ചെയ്യണമെന്നും, അങ്ങനെ ശേഖരിക്കുന്ന വിവരങ്ങളും പ്രവർത്തനങ്ങളും തദ്ദേശസ്വയംഭരണ വകുപ്പ്, റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിമാർ മോണിറ്റർ ചെയ്യേണ്ടതാണെന്നും അഭിപ്രായപ്പെട്ടു. ഇങ്ങനെയുള്ള പ്രവർത്തനത്തിലൂടെ വളരെ വേഗത്തിൽ പട്ടയം നൽകാൻ സാധിക്കുന്നതായിരിക്കും. മറ്റൊരു പ്രധാനപ്പെട്ട പ്രശ്നം കോളനികളിൽ സർക്കാർ നൽകുന്ന ആനുകൂല്യങ്ങൾ കോളനി നിവാസികൾക്ക് ലഭ്യമാകുന്നില്ല. അതിനുള്ള കാരണം അവർക്ക് ഭൂമി സംബന്ധമായ മതിയായ രേഖകളില്ല. ആയതിനാൽ ഇവർക്ക് പട്ടയം നൽകുന്നതിനായി വിഷയം മന്ത്രിസഭ യോഗത്തിൽ പരിശോധിച്ച് തീരുമാനമെടുക്കാവുന്നതാണെന്നും ബഹു. മന്ത്രി അറിയിച്ചു.

പ്രസ്തുത വിഷയത്തിൽ റവന്യൂ മന്ത്രിയുടെ അഭിപ്രായത്തോട് യോജിക്കുന്നതായി ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി പറഞ്ഞു. വിവരശേഖരണത്തിലൂടെ ഘട്ടം ഘട്ടമായി പട്ടയ പ്രശ്നങ്ങൾ പരിഹരിച്ചശേഷം നിയമഭേദഗതിയിലൂടെ പട്ടയം നൽകുന്നത് സംബന്ധിച്ച് വിഷയം പരിശോധിക്കാവുന്നതാണെന്നും, കൂടാതെ ഭൂരഹിതരായ അതിദരിദ്രർക്ക് ഭൂമി നൽകുന്നതിന് (ഏകദേശം 5000 പേരടങ്ങിയവർ) മുൻഗണന നൽകേണ്ടതാണെന്നും അങ്ങനെയുള്ളവർക്ക് ഭൂമി നൽകുന്നതിനായി കൈയ്യേറ്റം സംബന്ധിച്ച വിവരശേഖരണം സമയബന്ധിതമായി പൂർത്തിയാക്കി കൈയ്യേറ്റം ഒഴിപ്പിച്ച് നടപടി സ്വീകരിക്കുന്നത് ഉചിതമായിരിക്കുമെന്നും അഭിപ്രായപ്പെട്ടു.

തിരുവനന്തപുരം ജില്ലയിൽ പട്ടയം നൽകുന്നതിനായി കോളനികൾ കണ്ടെത്തുകയും സെപ്തംബർ മാസത്തോടെ പട്ടയം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുള്ളതായി തിരുവനന്തപുരം ജില്ലാ കളക്ടർ അറിയിച്ചു.

നിലവിലുള്ള വിവരങ്ങൾ താഴേതട്ടിലേയ്ക്കു നൽകി പഞ്ചായത്തിൽ പഞ്ചായത്ത് സെക്രട്ടറിയും വില്ലേജ് ഓഫീസറും, മുനിസിപ്പാലിറ്റി/കോർപ്പറേഷനിൽ സെക്രട്ടറിയും വില്ലേജ് ഓഫീസർമാരും കൂടിയാലോചിച്ച് അവരുടെ ലഭ്യമായ വിവരങ്ങൾ കൂടി ഉൾപ്പെടുത്തി ജില്ലാ തലത്തിലേക്ക് കൈമാറി പരിശോധനക്കുശേഷം ജില്ലകളിൽ നിന്നുള്ള റിപ്പോർട്ട് സെപ്തംബർ 30 ന് മുമ്പ് ലഭ്യമാക്കണമെന്ന് ബഹു. റവന്യൂ മന്ത്രി ജില്ലാ കളക്ടർമാരെ അറിയിച്ചു. പ്രസ്തുത പ്രാഥമിക കമ്മിറ്റിയിൽ താലൂക്ക് സ്റ്റാഫിനെ കൂടി ഉൾപ്പെടുത്തണമെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അഭിപ്രായപ്പെട്ടു.

തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിലുള്ള ഭൂമി relinquish ചെയ്യുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് റവന്യൂ സെക്രട്ടറിമാർ ചേർന്ന് മാർഗ്ഗരേഖ ഉണ്ടാക്കേണ്ടതെണെന്ന് ബഹു.റവന്യൂ വകുപ്പ് മന്ത്രി നിർദ്ദേശിച്ചു.

കുളം പുറമ്പോക്ക് സംബന്ധിച്ച് വില്ലേജ് ഓഫീസർമാർ പഞ്ചായത്ത്/അതാത് തദ്ദേശസ്വയംഭരണ സെക്രട്ടറിമാർ ചേർന്ന് ജോയിന്റ് വെരിഫിക്കേഷൻ നടത്തി BTR ൽ കുളമായി രേഖപ്പെടുത്തിയിട്ടുള്ള ഭൂമി ഇപ്പോൾ കുളമാണോ ഇല്ലയോ എന്ന് സ്ഥലം സന്ദർശിച്ച് സാക്ഷ്യപ്പെടുത്തി/പഞ്ചായത്തിൽ/വില്ലേജിൽ വിവരങ്ങൾ പ്രസിദ്ധീകരിച്ച് പൊതുജനങ്ങളിൽ നിന്ന് അഭിപ്രായങ്ങൾ രേഖപ്പെടുത്താൻ സമയം നൽകി വിവരശേഖരണം നടത്തേണ്ടതാണെന്നും ബഹു.റവന്യൂ വകുപ്പ് മന്ത്രി അറിയിച്ചു.

വിശദമായ ചർച്ചയ്ക്കുശേഷം താഴെ പറയുന്ന **തീരുമാനങ്ങൾ** കൈക്കൊണ്ടു:

1 . പട്ടയങ്ങൾ നൽകുന്നതിനായി ആവശ്യമായ വിവരശേഖരണം പ്രാഥമികമായി നടത്തണം നാലു തരത്തിലുള്ള സമിതികൾ വിവരശേഖരണവുമായി ബന്ധപ്പെട്ട് രൂപീകരിക്കേണ്ടതാണ്.

(i ) <u>പ്രാദേശിക സമിതി</u>

പഞ്ചായത്ത്/ മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ സെക്രട്ടറിമാരും വില്ലേജ് ഓഫീസർമാരും ഉൾപ്പെടുന്ന ഒരു വില്ലേജ് തല സമിതി

(i i ) <u>ജില്ലാ തലസമിതി</u>

ജില്ലാ കളക്ടർമാരും ,പഞ്ചായത്ത് ജോയിന്റ് ഡയറക്ടർമാരും ഉൾപ്പെടുന്ന സമിതി

(i i i ) <u>സംസ്ഥാനതല സമിതി</u>

ലാൻഡ് റവന്യൂ കമ്മീഷണറും,തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറും ഉൾപ്പെടുന്ന സമിതി

(i v ) <u>സംസ്ഥാനതല നിരീക്ഷണ സമിതി</u>

തദ്ദേശ സ്വയം ഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി,റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറി എന്നിവരുൾപ്പെടുന്ന സമിതി

ഈ സമിതികൾ മാസത്തിൽ ഒരു തവണ യോഗം ചേരണം .

2. സർക്കാറിൽ ലഭ്യമായ അപേക്ഷയും, അനുബന്ധരേഖകളും താഴേക്ക് നൽകി പഞ്ചായത്തിൽ പഞ്ചായത്ത് സെക്രട്ടറിയും വില്ലേജ് ഓഫീസറും, മുനിസിപ്പാലിറ്റി/കോർപ്പറേഷനിൽ സെക്രട്ടറിയും വില്ലേജ് ഓഫീസർമാരും കൂടിയാലോചിച്ച് അവരുടെ ലഭ്യമായ വിവരങ്ങൾ കൂടി ഉൾപ്പെടുത്തി ജില്ലാ തലത്തിലേക്ക് കൈമാറി പരിശോധനക്കുശേഷം ജില്ലകളിൽ നിന്നുള്ള റിപ്പോർട്ട് സെപ്റ്റംബർ 30-ന് മുമ്പ് ലഭ്യമാക്കണമെന്ന് തീരുമാനിച്ചു. പ്രസ്തുത പ്രാഥമിക കമ്മിറ്റിയിൽ താലൂക്ക് സ്റ്റാഫിനെ കൂടി ഉൾപ്പെടുത്താനും തീരുമാനിച്ചു.

3. തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിലുള്ള ഭൂമി relinquish ചെയ്യുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയും റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയും ചേർന്ന് മാർഗ്ഗരേഖ ഉണ്ടാക്കേണ്ടതെണെന്ന് തീരുമാനിച്ചു.

4. കുളം പുറമ്പോക്ക് സംബന്ധിച്ച് വില്ലേജ് ഓഫീസർമാർ പഞ്ചായത്ത്/അതാത് തദ്ദേശസ്വയംഭരണ സെക്രട്ടറിമാർ ചേർന്ന് ജോയിന്റ് വെരിഫിക്കേഷൻ നടത്തി BTR ൽ കുളമായത് ഇപ്പോൾ കുളമാണോ ഇല്ലയോ എന്ന് സ്ഥലം സന്ദർശിച്ച് സാക്ഷ്യപ്പെടുത്തി/പഞ്ചായത്തിൽ/വില്ലേജിൽ വിവരങ്ങൾ പ്രസിദ്ധീകരിച്ച് പൊതുജനങ്ങളിൽ നിന്ന് അഭിപ്രായങ്ങൾ രേഖപ്പെടുത്താൻ സമയം നൽകി വിവരശേഖരണം നടത്തേണ്ടതാണെന്നും തീരുമാനിച്ചു.

5. ഭൂമിയുടെ നിലവിലുള്ള ഇനം ,വിട്ടൊഴിയലുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ വകുപ്പ്, റവന്യൂ വകുപ്പ്, നിയമവകുപ്പ് എന്നീ സെക്രട്ടറിമാർ കൂടിയാലോചിച്ചു ഈ വിഷയത്തിൽ ഒരു വ്യക്തത വരുത്തേണ്ടതാണെന്നും തീരുമാനിച്ചു.

6. പഞ്ചായത്ത് രാജ് ആക്ട് ചട്ടം ഭേദഗതി പ്രപ്പോസൽ തയ്യാറാക്കുന്നതിന് തദ്ദേശ സ്വയം ഭരണ

വകുപ്പ് നടപടി സ്വീകരിക്കേണ്ടതാണ്.

7. സംസ്ഥാനത്ത് അതി ദരിദ്രരായവർക്ക് ഭൂമി കണ്ടെത്തി കൊടുക്കുന്നതിന് ആവശ്യമായ കാര്യങ്ങൾ കൂടി സമിതികളുടെ പ്രവർത്തന പരിധിയിൽ ഉൾപ്പെടുത്തുകയും അതിന്റെ പുരോഗതി സംസ്ഥാന തല കമ്മിറ്റി വിലയിരുത്തുകയും ചെയ്യേണ്ടതാണ് .

യോഗം 1.00 മണിക്ക് അവസാനിച്ചു

| ക്രമ നം | പേര് | ഉദ്യോഗപേര് |
|---|---|---|
| 1. | ശ്രീമതി. ശാരദ മുരളീധരൻ .ഐ.എ.എസ് | അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ് |
| 2. | ശ്രീമതി ടിങ്കു ബിസ്വാൾ, ഐ.എ.എസ് | പ്രിൻസിപ്പൽ സെക്രട്ടറി (റവന്യൂ) |
| 3. | ഡോ. എ. കൗശിഗൻ, ഐ.എ.എസ്. | കമ്മീഷണർ, ലാൻഡ് റവന്യൂ |
| 4. | ശ്രീ. സീറാം സാംബശിവ റാവു ഐ.എ.എസ്. | സർവ്വെ ഡയറക്ടർ |
| 5. | ശ്രീ. ദിനേശൻ. ഐ.എ.എസ്. | ഡയറക്ടർ (റൂറൽ), തദ്ദേശ സ്വയംഭരണ വകുപ്പ് |
| 6. | ശ്രീ. അനു എസ്. നായർ | അസിസ്റ്റന്റ് കമ്മീഷണർ, റവന്യൂ |
| 7. | ശ്രീമതി മേരി ലാലി സി. വെ | അഡീഷണൽ സെക്രട്ടറി, റവന്യൂ |
| 8. | ശ്രീ. ഷാജി ക്ലമന്റ് | ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം |
| 9. | ശ്രീ. വി.വി. രാജീവ് | സീനിയർ സൂപ്രണ്ട്, പ്രിൻസിപ്പൽ ഡയറക്ടറേറ്റ് |
| `0. | ശ്രീ. രഞ്ജൻ രാജ് | ഡെപ്യൂട്ടി സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ് |
| 11. | ശ്രീ. അരുൺ. ആർ | അണ്ടർ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ് |
| 12. | ശ്രീമതി. ഇന്ദു. ജി.ഐ | അണ്ടർ സെക്രട്ടറി, റവന്യൂ |
| 13. | ജില്ലാ കളക്ടർമാർ (എല്ലാ ജില്ലയിലേയും) | |
| 14. | പഞ്ചായത്ത് ജോയിന്റ് ഡയറക്ടർമാർ (എല്ലാ ജില്ലയിലേയും) | |